# പതിനാലാം കേരള നിയമസഭ
## 19-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.32** | **02.03.2020-ൽ മറുപടിയ്ക്ക്**

## തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജോൺ ഫെർണാണ്ടസ്: | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) പശ്ചിമ കൊച്ചി പോലുള്ള തീരപ്രദേശങ്ങളിൽ സർക്കാർ തുക വകയിരുത്തിയിട്ടുള്ള പാലം, ആശുപത്രി കെട്ടിടം, സ്കൂൾ കെട്ടിടം തുടങ്ങിയവയുടെ നിർമ്മാണത്തിനായി തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ആവശ്യമുണ്ടോ; | (എ) 2011 CRZ വിജ്ഞാപന പ്രകാരം CRZ പരിധിയിൽ ഉൾപ്പെടുന്ന ഭൂമിയിലെ ഏതു തരം നിർമ്മാണ പ്രവർത്തനങ്ങൾക്കും കേരള തീരദേശ പരിപാലന അതോറിറ്റിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. |
| (ബി) പ്രസ്തുത അനുമതി ലഭിക്കാൻ നേരിടുന്ന കാലതാമസം മൂലം ജനോപകാരപ്രദമായ പല പ്രവൃത്തികളും ആരംഭിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 30.10.2019 ൽ കേരള തീരദേശ പരിപാലന അതോറിറ്റി പുന:സംഘടിപ്പിച്ചതിനെ തുടർന്ന് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ സ്റ്റേറ്റ് കമ്മിറ്റിയിൽ കെട്ടികിടന്ന CRZ ക്ലിയറൻസിനുള്ള അപേക്ഷകളെല്ലാം തീർപ്പാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ നിലവിൽ പാലം, ആശുപത്രി കെട്ടിടം, സ്കൂൾ കെട്ടിടം തുടങ്ങിയവയുടെ CRZ അനുമതിയ്ക്കായുള്ള അപേക്ഷകൾക്ക് കാലതാമസം നേരിടുന്നില്ല. |

| | |
|---|---|
| (സി) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിലെ മധുരകമ്പനി പാലത്തിന്റെ നിർമ്മാണത്തിനായി നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും 278 ലക്ഷം രൂപയും എം.പി. ഫണ്ടിൽ നിന്നും 80 ലക്ഷം രൂപയും വകയിരുത്തിയിട്ടും 30.11.2019-ന് കൊച്ചി മുൻസിപ്പൽ കോർപ്പറേഷനിൽ നിന്നുള്ള അനുമതിക്കായി സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ അനുമതി ലഭിക്കാത്തതിന് കാരണം വിശദമാക്കാമോ; | (സി) & (ഡി) കൊച്ചിൻ മുനിസിപ്പൽ കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ 13.12.2019 തീയതിയിൽ മധുരക്കമ്പനി കണ്ണങ്ങാട്ട് പാലം, അപ്രോച്ച് റോഡ് നിർമ്മാണത്തിനുള്ള CRZ ക്ലിയറൻസിനായി അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷ കേരള തീരദേശ പരിപാലന അതോറിറ്റിയുടെ സാങ്കേതിക വിഭാഗം പരിശോധിച്ചപ്പോൾ അപേക്ഷയോടൊപ്പം അവശ്യരേഖകൾ സമർപ്പിച്ചിട്ടുണ്ടായിരുന്നില്ല. ആയത് സമർപ്പിക്കണമെന്ന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയോടും, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയറോടും ആവശ്യപ്പെട്ടിരുന്നു. ടി രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ കമ്മിറ്റി, അപേക്ഷയിന്മേൽ തീരുമാനം എടുക്കുന്നതാണ്. |
| (ഡി) പ്രസ്തുത അനുമതി എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ